ഇറയം റിസർച്ച് ജേർണൽ
Volume 5 Issue 2

# പുതുകഥയുടെ പ്രവണതകൾ - തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം

- ഇന്ദുശ്രീ. കെ.

**സംഗ്രഹം**

സാഹിത്യം ഒരു പ്രതിരോധമാണ്. ജീവിക്കുന്നതിന്റേയും അതിജീവിക്കുന്നതിന്റേയും അടയാളമാണ്. അതുകൊണ്ടുതന്നെ, മനുഷ്യരുടെ മാറുന്ന അനുഭവലോകങ്ങൾക്കനുസരിച്ച് ഭാവുകത്വവും പരിണമിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കഥാസാഹിത്യത്തിന് ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സച്ചിദാനന്ദന്റെ 'ഫ്യൂജിമോറി', സാറാ ജോസഫിന്റെ 'നീ' സന്തോഷ് ഏച്ചിക്കാനത്തിന്റെ 'സിംഗപ്പൂർ' പ്രമോദ് രാമന്റെ 'ജബ്ബാറിന്റവിട അബ്ബാസ്' ലിജിഷ എ.ടി.യുടെ 'നേഹലിന്റെ ആമക്കാലങ്ങൾ', ബോണി തോമസിന്റെ 'ദേവാസ്ഥ', പി.എഫ് മാത്യൂസിന്റെ 'വനജ' എന്നീ കഥകളാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയിട്ടുള്ളത്.

**താക്കോൽ വാക്കുകൾ**

ചെറുകഥ, ഉത്തരാധുനികത, സാങ്കേതികവിദ്യ, സത്യാനന്തരകാലം

ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയ ചെറുകഥകൾ 2017ന് ശേഷം ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടവയാണ്.

ഫ്യൂജിമോറി എന്ന കഥ വായിച്ചുതുടങ്ങുമ്പോൾ വായനക്കാർക്ക് തോന്നുക ഇത് ഒരു പൂച്ചയെ കുറിച്ചുള്ള കഥയാണ് എന്നാണ്. എന്നാൽ,

കൂടുതൽ വായിച്ച് മുന്നോട്ട് പോകുമ്പോൾ ഈ ചിന്ത തകിടം മറിയും. ഒരു സാധാരണ പൂച്ചയിൽ നിന്നും ആരും പ്രതീക്ഷിക്കാത്തത്ര പൈശാചികമായ പ്രവൃത്തികളാണ് കഥയിലെ ഫ്യൂജിമോറി എന്ന പൂച്ച ചെയ്യുന്നത്. കഥാനായകനായ മഹേഷ് പൂച്ചപ്രേമിയാണ്.നാഗ്പൂരിലെ പൂച്ചപ്രദർശനത്തിൽ നിന്ന് അയാൾ ബിർമൻ ഇനത്തിൽപ്പെട്ട പൂച്ചയെ  സ്വന്തമാക്കുന്നു. അതിന് പെറുവിയൻ സ്വേച്ഛാധിപതിയായിരുന്ന ആൽബർട്ടോ ഫ്യൂജിമോറിയുടെ പേര് കൊടുക്കുന്നത് മഹേഷ് തന്നെയാണ്. 'ഫ്യൂജിമോറി' പാൽ കുടിക്കുന്നില്ല. അതിന് ചോരയായിരുന്നു ഇഷ്ടം. അവന്റെ ചുണ്ടുകൾ രക്തം പുരണ്ടല്ലാതെ ആരും കണ്ടിട്ടില്ലെന്ന് കഥാകൃത്ത് പറയുന്നു. എലി, പാമ്പ്, പക്ഷി എന്നിവയെ മാത്രമല്ല; ആട്, പശു തുടങ്ങിയ വലിയ മൃഗങ്ങളേയും ഫ്യൂജിമോറി ആക്രമിച്ച് കൊല്ലുന്നു. അവൻ കൊല്ലുന്നത് വിശപ്പ് മാറ്റാനല്ല എന്നത് ശ്രദ്ധേയമാണ്. പതുക്കെ, മഹേഷ് തന്റെ പൂച്ചയെ പേടിക്കാൻ തുടങ്ങുന്നു. ഫ്യൂജിമോറി കറുത്ത പൂച്ചകളെ തീവ്രമായി വെറുത്തു. പെൺപൂച്ചകളോട് അവന് യാതൊരു താത്പര്യവും ഇല്ലായിരുന്നു. ഫ്യൂജിമോറി വലിയൊരു മാർജ്ജാര സേനയെ സംഘടിപ്പിച്ച് അയൽ വീടുകളിൽ നാശം വിതച്ചു. ഒടുവിൽ അവൻ അയൽ വീട്ടിലെ മൂന്നു വയസ്സുകാരി ഷാഹിനയെ കൊലപ്പെടുത്തി. തന്നെ കൊല്ലാനാഞ്ഞ മഹേഷിനെ സാരമായി മുറിവേല്പിച്ച് ഫ്യൂജിമോറി നാടുവിടുന്നു. പിന്നീട് അവനെ ആരും കണ്ടിട്ടില്ല എങ്കിലും ആ നാട്ടിൽ എങ്ങനെയോ അവന്റെ പ്രതിമ ഉയർന്നുവന്നു എന്ന് പറഞ്ഞു കൊണ്ട് കഥ അവസാനിക്കുന്നു.

സാറാജോസഫിന്റെ നീ എന്ന ചെറുകഥയിൽ ഒരു കഥാപാത്രത്തിനും പേരില്ല. ഒരു റോഡരികിൽ ഒരാൾ വെറുതേയിരിക്കുന്നു. ചുറ്റുമുള്ളവർ സംശയത്തോടെയും തികഞ്ഞ ശത്രുതയോടെയുമാണ് അയാളെ വീക്ഷിക്കുന്നത്. ഒരു പ്രകോപനവുമില്ലാതെ ആൾക്കൂട്ടം അയാളെ വളയുന്നു.

കയ്യിൽ കല്ലുമായി വളരെ ആക്രമാസക്തനായ ഒരാളും ആ കൂട്ടത്തിലുണ്ട്. ആൾക്കൂട്ടം വെറുതെ ഇരുന്ന മനുഷ്യനെ ഭീഷണിയുടെ സ്വരത്തിൽ ചോദ്യം ചെയ്യുന്നു. അയാൾ ആരാണെന്ന് അവർക്കറിയണം. 'ഞാൻ ഇവിടെ ഇരിക്കുന്നതിന് എന്റെ പേരുമായി എന്തു ബന്ധം? നിങ്ങൾ ഇവിടെ നിൽക്കുന്നതും നിങ്ങളുടെ പേരുമായി വല്ല ബന്ധവുമുണ്ടോ? പേരില്ലെങ്കിൽ നിൽക്കാനും ഇരിക്കാനും ആവില്ലേ?' എന്ന് അയാൾ തിരിച്ച് ചോദിച്ചു. ഇതോടെ ആളുകൾ അയാളെ മർദ്ദിക്കുകയാണ്. ഈ കഥ പൗരത്വ ഭേദഗതി ബില്ലിനൊപ്പം ചേർത്തു വായിച്ചാൽ ഭീകരമായ യാഥാർത്ഥ്യത്തിന്റെ ചിത്രം തെളിയും.

പ്രമോദ്‌രാമന്റെ 'ജബ്ബാറിന്റവിട അബ്ബാസ്' സത്യാനന്തരകാലത്തിലെ ജീവിതസമസ്യകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. കഥയുടെ ആഖ്യാതാവ് സമൂഹത്തിൽ  ചില പദവികളുള്ള വ്യക്തിയാണ്. അയാൾ ഒരു മാധ്യമ പ്രവർത്തകനാകാം എന്ന സൂചന കഥയിലുണ്ട്. ഒരു ദിവസം സന്ദർഭവശാൽ റോഡരികിൽ പോലീസ് ഭീഷണിപ്പെടുത്തിയ ഒരു ചെറുപ്പകാരനെ അയാൾ സഹായിച്ചു. സംഭവത്തിന്റെ വീഡിയോ അയാളുടെ കൈയ്യിൽ ഉണ്ടാകുമെന്ന വിചാരം കാരണം അബ്ബാസ് എന്ന പോലീസ് ഉദ്യോഗസ്ഥൻ അയാളെ പിന്തുടരുന്നു. വീഡിയോ ഡിലീറ്റ് ചെയ്യണം എന്നാണ് അബ്ബാസിന്റെ ആഭ്യർത്ഥന, വിരമിക്കാൻ 6 മാസം മാത്രമേ ബാക്കിയുള്ളൂ എന്നും തന്റെ പ്രതിച്ഛായ തകർക്കരുത് എന്നും അയാൾ യാചിക്കുന്നുണ്ട്. വീഡിയോ ഫോണിൽ പതിഞ്ഞിട്ടില്ല എന്ന സത്യം ആഖ്യാതാവിന് മാത്രമേ അറിയുകയുള്ളൂ. അക്കാര്യം അയാൾ വെളിപ്പെടുത്തുന്നില്ല. തുറന്നു പറഞ്ഞാൽ പോലും അബ്ബാസ് അത് വിശ്വസിക്കില്ലെന്ന് അയാൾക്കറിയാം. കഥ മുന്നോട്ടു പോകുമ്പോൾ അബ്ബാസിന്റെ ജീവിത കഥയുടെ ചുരുൾ നിവരുന്നു. മാധ്യമങ്ങൾ സത്യമെന്ന് രേഖപ്പെടുത്തിയ നുണകൾ കാരണം അയാൾക്ക് ജീവിതത്തിൽ

ഏറെ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് , നീതി നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഈ അനുഭവങ്ങൾ അയാളിൽ തെറ്റേത് ശരിയേത് എന്ന ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. ഒരുതരത്തിൽ നോക്കിയാൽ ഈ സത്യാനന്തരകാലത്ത് സമൂഹത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഏതൊരു മനുഷ്യന്റേയും പ്രതിനിധിയാണ് അയാൾ എന്ന് പറയാം.

മലയാളിക്ക് ആചാരാനുഷ്ഠാനങ്ങളോടുള്ള സങ്കീർണ്ണമായ ബന്ധത്തെ ഹാസ്യാത്മകമായി അവതരിപ്പിച്ച കഥയാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ സിംഗപ്പൂർ. കർക്കടകവാവിന് ബലിയിടുമ്പോൾ ഒരു ബലിക്കാക്ക പോലും വരാഞ്ഞതു കൊണ്ട് പിതൃക്കൾ മോക്ഷം കിട്ടാതെ അസംതൃപ്തരായി അലയുകയാണ് എന്ന് കരുതുന്ന ഒരു കുടുംബത്തിന്റെ കഥയാണിത്. ജീവിതത്തിൽ ഉണ്ടാകുന്ന ഓരോ പ്രയാസങ്ങളേയും അവർ പിതൃക്കളുടെ ദേഷ്യവുമായി ബന്ധിപ്പിച്ച് വിഷമിക്കുന്നു. അവസാനം കാക്കയെ 'ബുക്ക്' ചെയ്ത് ബലിയിടാൻ വരെ തീരുമാനമാകുന്നു. കാക്കയെ വളർത്തി പ്രത്യേക പരിശീലനം കൊടുത്ത് ആവശ്യക്കാരെ 'പിതൃക്കളുടെ അതൃപ്തിയിൽ' നിന്ന് മോചിപ്പിക്കുന്ന രവീന്ദ്ര പൂജാരി കാപ്പുവിന്റെ നമ്പർ അവർ ഫേസ്ബുക്കിൽ നിന്ന് തപ്പിയെടുത്തു. സോഫ്റ്റ് വെയർ എൻജിനീയറായിരുന്ന പൂജാരി ടെൻഷൻ കാരണം ജോലി വേണ്ടെന്നുവച്ച് കൂടുതൽ ആദായകരമായ തൊഴിൽ മേഖലയിലേക്ക് കടന്നതാണ്... കഥയുടെ ആന്റിക്ലൈമാക്സ് വായനക്കാരിൽ ചിരിയും ചിന്തയുമുണർത്തും. മിത്തുകളും ആചാരങ്ങളും മനുഷ്യരെ എത്രമാത്രം ആഴത്തിൽ സ്വാധീനിക്കുന്നു എന്ന് സിങ്കപ്പൂർ ഓർമ്മിപ്പിക്കുന്നുണ്ട്. മാറിയ ജീവിത ശൈലിയേയും ജീവിതത്തിന്റെ അനിവാര്യമായ ഭാഗമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളേയും കഥ വ്യക്തമായി അടയാളപ്പെടുത്തുന്നു.

ലിജിഷ എ.ടി.യുടെ 'നേഹലിന്റെ ആമക്കാലങ്ങൾ' വിശപ്പിന്റെ കഥയാണ്. ദാരിദ്ര്യം, പട്ടിണി, ജാതി, സാമൂഹിക അസമത്വം, ലൈംഗിക

അതിക്രമം, ആൾക്കൂട്ട ഭീകരത തുടങ്ങിയ പ്രശ്നങ്ങളെ കൈയ്യടക്കത്തോടെ കഥയിൽ അവതരിപ്പിച്ചിട്ടുണ്ട്. കടലാമ സംരക്ഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥയായ നേഹൽ കിഷോരിക്ക് ആമകളെ ഇഷ്ടമല്ല. അതിന്റെ കാരണം അവളുടെ വേദനിപ്പിക്കുന്ന ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരുത്തിയും നെല്ലും ചോളവും വിളയുന്ന വയലുകൾക്ക് നടുവിലാണ് ജീവിച്ചതെങ്കിലും അവളുടെ കുട്ടിക്കാലം വിശപ്പിന്റേതായിരുന്നു. കർഷകനായ അച്ഛന്റെ മരണത്തിനു ശേഷം അമ്മയും ചേച്ചി സേജലുമടങ്ങുന്ന അവളുടെ കുടുംബം പട്ടിണിയിലായി. നേഹൽ വിശന്നിരിക്കുന്നത് കാണാൻ ഇഷ്ടപ്പെടാത്ത സേജൽ ഞാവൽപ്പഴങ്ങളോ ആമമുട്ടയോ ഞണ്ടോ കൊണ്ടുവന്ന് കൊടുക്കും. ആമയിറച്ചി അവരുടെ ഇഷ്ടഭക്ഷണമായിരുന്നു. ഗ്രാമത്തിലെ ഉയർന്ന ജാതിക്കാർ ഉപയോഗിക്കുന്ന കുളത്തിൽ പോകാനോ ആമയെ പിടിക്കാനോ അവർക്ക് അനുവാദമില്ല. പക്ഷേ, വിശപ്പ് വിലക്കുകൾക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ അവരെ പ്രേരിപ്പിച്ചു. അവർ ഒരിക്കൽ പിടിക്കപ്പെട്ടു. അത് സേജലിന്റെ ആത്മഹത്യയിൽ അവസാനിച്ചു. തങ്ങൾ അനുഭവിച്ച വിശപ്പ് തന്നെയാണ് കടലാമ മുട്ടകൾ മോഷ്ടിക്കാൻ എത്തുന്ന പയ്യനെ നയിക്കുന്നതെന്ന് അറിയുന്ന നേഹൽ അവനെ ചീത്തപറയുന്നില്ല.

ബോണിതോമസിന്റെ 'ദേവാസ്ത'യെ വ്യത്യസ്തമായ വായനാനുഭവമാക്കുന്നത് ദേവാസ്തവിളി എന്ന , മുഖ്യധാരക്ക് വലിയ പരിചയമില്ലാത്ത അനുഷ്ഠാനത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യന്റെ ജീവിത സംഘർഷങ്ങളെ അവതരിപ്പിക്കുന്ന രചനാതന്ത്രം തന്നെയാണ്. ഈസ്റ്ററിന് മുന്നോടിയായി അമ്പത് നോമ്പുകാലങ്ങളിൽ കേരളത്തിലെ തീരപ്രദേശങ്ങളിൽ അവതരിപ്പിക്കുന്ന അനുഷ്ഠാനഗീതമാണ് ദേവാസ്ത. യേശുവിന്റെ പീഡാനുഭവങ്ങളാണ് ദേവാസ്തയുടെ വരികളിലുള്ളത്. ഉച്ചത്തിലുള്ള ദേവാസ്തവിളി പിശാചുക്കളെയും ദുർവിധിയേയും അകറ്റിനിർത്തും എന്നാണ്

വിശ്വാസം. കപ്പലിൽ ജോലിയുള്ള ജോണിന്റെ വീട് കൊച്ചി തുറമുഖത്തിന് സമീപമുള്ള തുരുത്തിലാണ്. തുരുത്തിലെ ദേവാസ്തവിളിക്കാരനാണ് വാറപ്പനാശാൻ. വാറപ്പനാശാന്റെ മകൾ മേരി മെറ്റിൽഡയും ജോണും ദീർഘകാലമായി പ്രണയത്തിലാണ്. വാറപ്പനാശാന്റെ എതിർപ്പിനെ മറികടന്ന് അവർ വിവാഹിതരാകാൻ തീരുമാനിച്ച ദിവസം രാത്രി, കാലം തെറ്റിയ അവസാനത്തെ ദേവാസ്തവിളിയോടെ അയാൾ തുരുത്തിൽ നിന്ന് അപ്രത്യക്ഷനാകുന്നു. അച്ഛന്റെ തിരോധാനം മേരിയെ ജോണിൽ നിന്ന് അകറ്റി. ഇനി കരയിൽ ഇറങ്ങില്ലെന്ന് പറഞ്ഞ് ജോൺ കപ്പൽ കയറി. 2020 മെയ് മാസത്തിൽ, വർഷങ്ങൾക്കു ശേഷം, മേരി കപ്പലിൽ നിൽക്കുന്ന ജോണിനെ ഫോണിൽ വിളിക്കുന്നു. കോവിഡ് 19 പാൻഡെമിക്കിന്റെ ഭീതിയിൽ നിന്നുകൊണ്ട് അവൾ പറയുന്നത് ഇതാണ് : " ജോണേ , ലോകമാകെ അരൂപി പിശാചുക്കള്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന് പിശാശ് ! ഇനി ദേവാസ്തവിളിക്കാണ്ടിരിക്കാൻ പറ്റൂല." അച്ഛന്റെ പാത പിന്തുടർന്ന് മേരി മെറ്റിൽഡ ദേവാസ്തപാടുന്നത് ജോൺ കേൾക്കുന്നു. അതുവരെയും കരയിലിറങ്ങാത്ത ജോൺ ക്യാപ്റ്റനുമുന്നിൽ പോയി തനിക്ക് കരയിലിറങ്ങണമെന്ന് വിലപിച്ചു. അനുഷ്ഠാനങ്ങൾക്കു പിന്നിലുള്ളത് മനുഷ്യന്റെ പ്രാണഭയവും ജീവിതരതിയും തന്നെയാണെന്ന് ദേവാസ്തവിളി അടയാളപ്പെടുത്തുന്നു.

പി.എഫ്.മാത്യൂസിന്റെ 'വനജ' കുട്ടികളുടെ ലോകത്തിന്റെ മായികതയും ഭാവനാസമ്പന്നതയും നിറഞ്ഞു നിൽക്കുന്ന കഥയാണ്. ഈ കഥ വായനക്കാർക്ക് 'വർണ്ണപ്പകിട്ടുള്ള ദൃശ്യാനുഭവം' നൽകുന്നു. വനജയും കളിക്കൂട്ടുകാരനുമാണ് പ്രധാന കഥാപാത്രങ്ങൾ. കൂട്ടുകാരന്റെ ആഖ്യാനത്തിലൂടെ യാണ് കഥ മുന്നോട്ടു പോകുന്നത്. 1971 ആണ് കഥയുടെ കാലം. വനജയുടെ അച്ഛന് സ്ഥലംമാറ്റം കിട്ടിയതിനാൽ അവർ താമസിയാതെ നാട്ടിൽ നിന്ന്

പോകും. ചങ്ങാത്തത്തിന്റെ അവസാന ദിവസത്തിൽ കാട്ടുകയറാനാണ് അവർ തീരുമാനിച്ചത്. അങ്ങനെ, ആഖ്യാതാവായ കുട്ടിയുടെ അമ്മൂമ്മയുടെ അമ്മയായ കൊച്ചമ്മച്ചോയുടെ കഥകളിൽ ഉള്ള മന്ത്രവാദിനി മദാമ്മയുടെ വീട്ടിലെ പച്ച റോസാപ്പൂ പറിക്കാൻ അവർ തീരുമാനിക്കുന്നു. അവരുടെ പേടിയും പേടിയുണ്ടെന്ന് സമ്മതിക്കാനുള്ള മടിയും സാഹസത്തിനുള്ള ആഗ്രഹവും കഥയിൽ രസകരമായി അവതരിപ്പിച്ചിട്ടുണ്ട്. യാഥാർത്ഥ്യവും ഭ്രമാത്മകതയും കൂടിച്ചേർന്ന ആഖ്യാനമാണ് 'വനജ'ക്കുള്ളത്.

ഉത്തരാധുനികതയുടെ പ്രധാന ആശയങ്ങളിലൊന്ന് ആത്മ സങ്കല്പനത്തെക്കുറിച്ചുള്ളതാണ്. സമൂഹമോ പാരമ്പര്യമോ നമുക്കായി കൽപ്പിച്ചു തന്ന വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ നാം നമ്മെ മനസ്സിലാക്കുന്നതിനു പകരം, പലതരം സാംസ്കാരികസ്രോതസ്സുകളിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന നിർമ്മിതസ്വത്വവുമായി നാം സ്വയം തിരിച്ചറിഞ്ഞു തുടങ്ങുന്നു എന്ന കാഴ്ചപ്പാടാണ്. എന്നാൽ, ഈ നിർമ്മിതസ്വത്വമെന്ന ആശയത്തെത്തന്നെ സമകാല ഇന്ത്യൻ സമൂഹം അപനിർമ്മിക്കുകയാണ്. സമൂഹമോ പാരമ്പര്യമോ കൽപ്പിച്ചുതന്ന വ്യക്തിത്വത്തിലേക്ക് തിരിച്ചു പോകാനും അതിൽ ഒതുങ്ങാനും പ്രിവിലേജുകളില്ലാത്ത ജനങ്ങൾക്കുമേൽ ബലം പ്രയോഗിക്കുന്ന ഒരു സമൂഹം തന്നെ ശക്തിയാർജ്ജിച്ചിട്ടുണ്ട്. നീ, ഫ്യൂജിമോറി, നേഹലിന്റെ ആമക്കാലങ്ങൾ എന്നീ കഥകളിലെല്ലാം ഈ ആൾക്കൂട്ടത്തിന്റെ സാന്നിധ്യത്തിന്റെ ഭീകരതയുണ്ട്. ആൾക്കൂട്ടത്തിന്റെ മനശ്ശാസ്ത്രം പ്രവചിക്കാനാവില്ല എന്ന തത്ത്വം ഇവിടെ ഓർക്കേണ്ടതാണ്. സമ്പന്നമായ സാംസ്കാരിക സ്രോതസ്സുകൾ ഉണ്ടായിട്ടും ആളുകൾ ഇന്നും ജാതി, മതം എന്നിവ നൽകുന്ന വ്യക്തിത്വത്തിൽ തറഞ്ഞുപോകുന്നു. മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ ‘ധർമ്മം ശരണം ഗച്ഛാമ:’ എന്ന ചെറുകഥയിലെ വീട്ടിലേക്ക് കയറി വന്ന് അവിടം ഭരിക്കുന്ന അപരിചിതനെപ്പോലെയാണ് ഫ്യൂജിമോറിയും. പിശാചുപൂച്ചയെ അയാൾ

വിലകൊട്ടുത്തുവാങ്ങിയതാണ് എന്നതാണ് പ്രകടമായ വ്യത്യാസം. ഏകാധിപത്യത്തിന്റെ സാമൂഹിക ക്രമത്തെ രഹസ്യമായി ആരാധിക്കുന്ന സമൂഹമനസ്സ് ഏകാധിപത്യത്തിലേക്ക് തന്നെ അധ:പതിക്കും എന്ന ചിന്ത കഥകളിലുണ്ട്.

ആഗോളവത്കരണത്തിന് ആദ്യകാലത്തുണ്ടായിരുന്ന അർത്ഥത്തിന് ഇന്ന് മാറ്റം സംഭവിച്ചിട്ടുണ്ട്. ആഗോളവത്കരണം ഒരർത്ഥത്തിൽ പ്രാദേശികവത്കരണമായി മാറുന്നു. പുതിയ ഡിജിറ്റൽ സംസ്കാരമാണ് ഇതിന് പ്രത്യക്ഷമായ ഒരു കാരണമായത്. സിംഗപ്പൂരിൽ പൂജാരിയുടെ നമ്പർ കിട്ടുന്ന ഫേസ്ബുക്ക് കൂട്ടായ്മയുടെ പേര് 'ഗളേയരബളഗ' എന്നാണ്. പ്രാദേശികഭാഷയിൽ സുഹൃദ്സംഘം എന്നാണ് ഇതിന്റെ അർത്ഥം എന്ന് കഥാകൃത്ത് അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്. സോഷ്യൽ മീഡിയ എത്രമാത്രം പ്രാദേശികമാകാമെന്നതിന്റെ സൂചനയാണിത്. നടുക്കടലിൽ നിൽക്കുന്ന ജോണിന് മേരി മെറ്റിൽഡയുടെ ദേവാസ്തവിളി കേൾക്കാൻ സാധിക്കുന്നത് സാങ്കേതികവിദ്യ ഉള്ളതുകൊണ്ടാണ്. ജബ്ബാറിന്റവിട അബ്ബാസിൽ സാങ്കേതികവിദ്യ എങ്ങനെ സത്യാനന്തരതയ്ക്ക് ബലം കൂട്ടുന്നു എന്ന് കാണാം.

വെറും ഗൃഹാതുരസ്മരണ എന്ന് ഒറ്റനോട്ടത്തിൽ തോന്നാവുന്ന വനജയെ വ്യത്യസ്തമാകുന്നത് അതിന്റെ മായികമായ അവതരണ ശൈലിയാണ്. വനജയും കൂട്ടുകാരനും ആണ് പ്രധാനകഥാപാത്രങ്ങൾ എങ്കിലും കൊച്ചമ്മച്ചോയുടെ കഥകളുടെ പശ്ചാത്തലം ഈ ചെറുകഥയുടെ വീക്ഷണത്തെ അടയാളപ്പെടുത്തുന്നുണ്ട്. ആഖ്യാതാവ് കൊച്ചമ്മച്ചോയുടെ കഥകളെ ഓർക്കുന്നത് ഉണ്ടാക്കിക്കഥകളുടെ കള്ളത്തരം ഇല്ലാത്ത കഥകൾ എന്നാണ്. സാധാരണ കഥകളെക്കുറിച്ച് അവന്റെ അഭിപ്രായം ഇങ്ങനെയാണ് "ഉണ്ടാക്കിക്കഥകളുടെ കുഴപ്പം എന്താണെന്ന് അറിയാമോ? അത് കുട്ടികൾക്കുള്ളതാണെങ്കിൽ ഉടനടി നിഷ്കളങ്കതയുടെയും നന്മയുടെയും

കുപ്പായങ്ങളും പുഞ്ചിരികളും എടുത്തിടും മുതിർന്നവർക്കുള്ളതാണെങ്കിൽ കുറേക്കൂടി സങ്കടങ്ങളും യുദ്ധങ്ങളും വലിയ തത്ത്വചിന്തയും രാഷ്ട്രീയവുമൊക്കെ ചേർക്കും. ഓരോരുത്തർക്കും അനുയോജ്യമായ പാചകകുറിപ്പ് പാലിച്ചാണ് അവയുണ്ടാക്കുന്നത്. ഒക്കെയും കള്ളത്തരം. എനിക്ക് ഈ വക കഥകൾ കേൾക്കുന്നത് തന്നെ വെറുപ്പായിരുന്നു." പറഞ്ഞു പഴകിയ അഖ്യാനങ്ങളിൽ നിന്നുള്ള മാറിനടത്തം പുതിയ ഭാവുകത്വത്തിന് കാരണമാകുന്നുണ്ട്.

ദേവാസ്സയിൽ പാർശ്വവത്കൃതരായ ജനതയുടെ ജീവിത പരിസരം ആഖ്യാനം ചെയ്യപ്പെടുന്നു. ക്രിസ്തുമതത്തിനുള്ളിലെ ജാതിഘടനയെക്കുറിച്ച് ഈ കഥ ചർച്ച ചെയ്യുന്നുണ്ട്. ടി.കെ.സി വടുതലയുടെ കഥകൾ ഉയർത്തിയ ചോദ്യങ്ങൾ ഇവിടെയും നിലനിൽക്കുന്നു.

**ഉപസംഹാരം**

പുതുകഥകൾ വ്യത്യസ്തമായ വായനാനുഭവങ്ങൾ നൽകുന്നു. സമകാല രാഷ്ട്രീയ പ്രശ്നങ്ങളെ മലയാള ചെറുകഥകൾ ഗൗരവമായി അഭിസംബോധന ചെയ്യുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ ധാരാളമായി ഉപയോഗിക്കുമ്പോഴും പ്രാദേശികസ്വത്വം കഥകളിൽ ഉറച്ചു കാണുന്നു. ഈ പുതിയ പ്രാദേശികത 'നാടിന്റെ' ഭൗതികമായ അതിർത്തികളെ അപ്രസക്തമാക്കുന്ന ഒരു വെർച്വൽ ലാൻഡ്സ്കേപ്പിനെ അടിസ്ഥാനമാക്കിയുള്ളതാണ്.

**ഗ്രന്ഥസൂചി**

1. പരമേശ്വരൻ പിള്ള എരുമേലി പ്രൊഫ., മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, 2015, കറന്റ് ബുക്സ്, കോട്ടയം

2. ഏച്ചിക്കാനം സന്തോഷ്, സിങ്കപ്പൂർ, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, സെപ്റ്റംബർ 15, 2019
3. ജോസഫ് സാറ, നീ, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, നവംബർ 8, 2019.
4. തോമസ് ബോണി, ദേവാസ്ത്ത, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ജൂലായ് 19, 2020.
5. മാത്യൂസ്. പി.എഫ്, വനജ, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ജൂലായ് 26, 2020
6. രാമൻ പ്രമോദ്, ജബ്ബാറിന്റെവിട അബ്ബാസ്, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, മേയ് 20, 2018.
7. ലിജിഷ, എ.ടി., നേഹലിന്റെ ആമക്കാലങ്ങൾ, യുവധാര, ജൂൺ 13, 2018.
8. സക്കറിയ, ഫ്യൂജിമോറി, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, ഏപ്രിൽ 2, 2020.

---

ഗവേഷക, മലയാളവിഭാഗം, എസ്.എൻ.ജി.എസ് കോളേജ്, പട്ടാമ്പി